**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5452** **21-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീരമേഖലയിൽ വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മത്സരാധിഷ്ഠിതമായ വിപണി കണ്ടെത്തുന്നതിനുമായി വിവര സാങ്കേതികവിദ്യ ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യ പ്രസ്തുത മേഖലയിൽ നടപ്പിലാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എ) | ക്ഷീരമേഖലയിൽ വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും അക്കൗണ്ടിംഗ് കുറ്റമറ്റതാക്കുന്നതിനും പാൽ സംഭരണം, ഗുണനിലവാരനിർണ്ണയം, പാൽവില നിശ്ചയിക്കൽ എന്നിവ സുതാര്യമാക്കുന്നതിനും ക്ഷീര സംഘങ്ങളെ കമ്പ്യൂട്ടർവത്കരിക്കുന്നതിനും ഒരു വെബ് അധിഷ്ഠിത യൂണിഫൈഡ് സോഫ്റ്റ്‌വെയർ തയ്യാറാക്കി വരികയാണ്. നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ ആണ് വകുപ്പിനു വേണ്ടി ഈ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നത്. സമീപഭാവിയിൽ തന്നെ ക്ഷീരസഹകരണ സംഘങ്ങൾ, വകുപ്പിന്റെ വിവിധ തലത്തിലുള്ള ഓഫീസുകൾ, മേഖലാ യൂണിയനുകൾ, സഹകരണ ഓഡിറ്റ് വിഭാഗം എന്നിവ ഈ സോഫ്റ്റ്‌വെയറിലൂടെ സംയോജിപ്പിക്കാൻ കഴിയുന്നതാണ്. കൂടാതെ ഈ വർഷം മിൽക്ക് ഷെഡ് വികസന പദ്ധതിയുടെ കീഴിൽ ഇൻഫ്രാസ്ട്രക്ചർ ആന്റ് ആട്ടോമേഷൻ ഓഫ് കൊമേഷ്യൽ ഡയറി ഫാംസ് എന്ന ഘടക പദ്ധതിയിൽ ആധുനികവത്ക്കരണത്തിനും യന്ത്രവൽക്കരണത്തിനുമായി തുക വകയിരുത്തിയിട്ടുണ്ട്. ശാസ്ത്രീയമായി വാണിജ്യാടിസ്ഥാനത്തിൽ നടത്തിവരുന്ന ഡയറി ഫാമുകൾക്ക് മിൽക്കിംഗ് പാർലർ, കാലാവസ്ഥ നിയന്ത്രണ സംവിധാനത്തോടു കൂടിയുള്ള തൊഴുത്തുകൾ, ഓട്ടോമാറ്റിക് വാട്ടർ ബൗൾ, ഫാം സോഫ്റ്റ്‌വെയർ, RFID (റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ സിസ്റ്റം), ഓട്ടോമാറ്റിക് ഡംങ്-സ്ക്രാപ്പർ, ബയോഗ്യാസ് പ്ലാന്റിനോടനുബന്ധിച്ച ഊർജ്ജോത്പാദന യൂണിറ്റ്, മിൽക്ക് ATM മെഷീൻ തുടങ്ങിയ നൂതന സാങ്കേതിക ഉപകരണങ്ങൾക്ക് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നു. |

| | | | |
|---|---|---|---|
| | | | മത്സരാധിഷ്ഠിതമായ വിപണി കണ്ടെത്തുന്നതിനുമായി വിവരസാങ്കേതികവിദ്യ ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് മിൽമ വിപണന സാധ്യതകൾ കണ്ടെത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ